**പതിനാലാം കേരള നിയമസഭ**

**പതിനേഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 702** — **04.03.2020-ൽ മറുപടിയ്ക്ക്**

## കാനം വയൽ പട്ടികവർഗ്ഗ കോളനിയിലെ പാലം നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കൃഷ്ണൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| എ) | പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ വരുന്ന കാനം വയൽ പട്ടികവർഗ്ഗ കോളനിയിലേക്ക് പാലം നിർമ്മിക്കാൻ കോർപ്പസ് ഫണ്ട് അനുവദിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്ന പാലം പണിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | എ) | പയ്യന്നൂർ ചെറുപുഴ ഗ്രാമ പഞ്ചായത്തിൽ വരുന്ന കാനം വയൽ പട്ടികവർഗ്ഗ കോളനിയിലേയ്ക്കുള്ള കോൺക്രീറ്റ് പാലത്തിന്റെ രണ്ട് ഫൗണ്ടേഷൻ അബട്ട്മെന്റ് നിലവിൽ പൂർത്തിയായിട്ടുണ്ട്. |
| ബി) | പാലത്തിന് ഇൻവെസ്റ്റിഗേഷൻ നടത്തി അതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക കുറച്ച് അറുപത്തിയഞ്ച് ലക്ഷം രൂപയ്ക്ക് പാലം നിർമ്മിക്കാൻ ടെക്നിക്കൽ അനുമതി നൽകാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | ബി) | പാലം പണിയുന്നതിനായി ഭരണാനുമതി ലഭ്യമായ 1.5 കോടി രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും 65 ലക്ഷം രൂപയുടെ സാങ്കേതികാനുമതി മാത്രമേ ലഭിച്ചിട്ടുള്ളൂ. കോളനിയുടെ ഭാഗത്തു കൂടി ഒഴുകുന്ന പുഴയുടെ അരികിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള സാങ്കേതികാനുമതി ലഭിക്കാത്തതിനാലാണ് സാങ്കേതികാനുമതി 65 ലക്ഷം രൂപയായി പരിമിതപ്പെട്ടത്. പുഴയുടെ സംരക്ഷണം ജലസേചന വകുപ്പിന്റെ ചുമതലയായതിനാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന് സാങ്കേതികാനുമതി നൽകുവാൻ കഴിയില്ലയെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജലസേചനവകുപ്പ് പുഴയുടെ അരികിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള 55 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി |

| | | | |
|---|---|---|---|
| | | | അനുമതിക്കായി സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ നേരിട്ട് സ്ഥലം പരിശോധിച്ച് പാലം പണിയുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരം പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്കും, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**